**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.696 02.12.2015-ൽ മറുപടിക്ക്**

**ഡി.എച്ച്.എസ്. - ലെ തപാൽ സെക്ഷനിലെ കാലതാമസം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡി.എച്ച്.എസ്. - ലെ തപാൽ സെക്ഷനിൽ നിന്നും തപാലുകൾക്ക് നമ്പർ ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ സമ്മർദ്ദം ചെലുത്തേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; | (എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ തപാൽ സെക്ഷനിലെ ജീവനക്കാരുടെ കുറവ് കാരണം 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ തപാലുകൾ വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസം വന്നിട്ടുണ്ട്. എന്നിരുന്നാലും അടിയന്തിര പ്രാധാന്യമുള്ള തപാലുകൾ യഥാസമയം ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിച്ചിട്ടുണ്ട്. ഇപ്പോൾ യാതൊരുവിധ താമസവും ഉണ്ടാകുന്നില്ല. |
| (ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിൽ വകുപ്പ് മേധാവി വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി വകുപ്പ് മേധാവി 2015 സെപ്റ്റംബർ മുതൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) ഇല്ല. 2015 സെപ്റ്റംബർ മാസത്തിനുശേഷം തപാൽ സെക്ഷനിൽ ഒഴിവുണ്ടായിരുന്ന തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സെക്ഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. തപാൽ വിതരണത്തിനായി ഒരു ജൂനിയർ സൂപ്രണ്ട് സെക്ഷന്റെ മേൽനോട്ടം വഹിക്കുന്നു. |
| (സി) പ്രസ്തുത നടപടിയുടെ ഫലമായി സെക്ഷന്റെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതിയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) വിലയിരുത്തിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചതുകൊണ്ട് തപാൽ വിതരണം വേഗത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ